

''കർത്താവ് എന്റെ ഇടയനാകുന്നു എനിക്കൊന്നിനും കുറവുണ്ടാകുകയില്ല''.

(സങ്കി. 23:1)

എ. ഡി. 6—ാം നൂററാണ്ടിൽ രൂപം കൊടുത്തതും ഇന്ന് റോമിലെ ലാററൻ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നതുമായ നല്ലയിടയന്റെ പ്രതിമ.

(മറുവശം കാണുക.)

**ദൂക്റാനയുടെ കവർ പേജിലൂടെ അവതരിപ്പിക്കുന്നു— ഈശോയുടെ മുഖചിത്രങ്ങൾ.**

ഈശോയുടെ തിരുമുഖം അനേകം ചിത്രകാരന്മാരുടെ ഭാവനയ്ക്കു വിഷയമായിട്ടുണ്ട്. ഏതാണ്ട് പതിനെട്ടുനൂററാണ്ടുകളിലൂടെ ലോകരക്ഷകനായ ഈശോ എപ്രകാരമെല്ലാം ചിത്രീകരിക്കപ്പെട്ടുവെന്നറിയുന്നത് ദൂക്റാനയുടെ വായനക്കാർക്ക് വിജ്ഞാനപ്രദവും രസകരവുമായിരിക്കുമല്ലോ.

വാല്യം 3
ജൂൺ 1983
ലക്കം 6

# ദൂക്റാന

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

# DUKRANA

Monthly

A Journal on Liturgy

Sponsored by the Eastern Liturgical Society

BOARD OF EDITORS

Chief Editor

Dr. Jacob Vellian

General Editor

S. Kurian Vempany

Managing Editor

Dr. Xavier Koodapuzha

News Editor

Dr. Wilson Ukken

Art. Editor

Joseph Newton

Finanance Manager

Fr. X. Kochuparampil

Publisher

Fr. G. Kolath

---

## കവർ ചിത്രം

ഭൂഗർഭാലയങ്ങളിലാണ് ആദ്യമായി ഈശോയുടെ ചിത്രങ്ങൾ കാണപ്പെട്ടത്. പുരാതനകാലത്ത് ക്രൈസ്തവരുടെ ശവശരീരങ്ങൾ അടക്കം ചെയ്തിരുന്ന റോമിലെ ഭൂഗർഭാലയങ്ങളിൽ ദുഷ്ടാരൂപികളുടെ ഉപദ്രവങ്ങളിൽ നിന്നും രക്ഷപെടുവാനായി നോഹിന്റെയും, അഹറോന്റെയും യോനായുടെയുമൊക്കെ ചിത്രങ്ങൾ ആലേഖനം ചെയ്യുക പതിവായിരുന്നു. കാലക്രമേണയാണ് ഈശോയുടെ ചിത്രങ്ങൾ വരയ്ക്കുവാൻ തുടങ്ങിയത്. മിക്കവാറും ഒരു യുവാവിന്റെ പൂർണ്ണകായ രൂപത്തിലാണ് ഈശോയുടെ ചിത്രം ആദ്യമാദ്യം വരച്ചിരുന്നത്. അതുപോലെ താടിയും മുടിയും നീട്ടിയ ഒരു യഹൂദനായും അന്നു വരച്ചുകാട്ടിയിരുന്നു. ആദ്യകാല ചുവർ ചിത്രങ്ങളിൽ മിക്കതും തോളിൽ ഒരാട്ടിൻ കുട്ടിയെ വഹിച്ചിരിക്കുന്ന ഒരു നല്ല ഇടയനായിട്ടാണ് ഈശോയെ ചിത്രീകരിച്ചിട്ടുള്ളത്. 23-ാം സങ്കീർത്തനത്തിൽ വിവരിക്കുന്ന സമൃദ്ധമായ പുൽത്തകിടികളിൽ മേയിക്കുകയും പ്രശാന്തമായ ജലാശയത്തിലേയ്ക്ക് ആനയിക്കുകയും ചെയ്യുന്ന ഒരു നല്ല ഇടയന്റെ ചിത്രമായിരിക്കാം കലാകാരൻ തന്റെ ഭാവനയിൽ ദർശിച്ചത്. മാത്രവുമല്ല ''ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു.'' (വി. യോഹ. 10:11) എന്ന ഈശോയുടെ ലളിതമധുര ശബ്ദം അലയടിച്ചു കൊണ്ടിരുന്ന ആദ്യ നൂറ്റാണ്ടിൽ ഈശോയെ ചിത്രീകരിക്കാൻ ഇതിൽ കവിഞ്ഞൊരു പ്രതിരൂപം ഭാവന ചെയ്യുവാൻ ഒരു ചിത്രകാരനും കഴിയുമായിരുന്നില്ല. ഈശോയുടെ സ്നേഹവും, പരിലാളനയും, അർപ്പണമനോഭാവവും അത്ര മാത്രം വിളിച്ചറിയിക്കാൻ പോരുന്നതാണ് ഈ നല്ലിടയന്റെ പ്രതിമ.

www.TheCMSIndia.org

# ദുക്റാന ആരാധന

പുസ്തകം 3 — 1983 ജൂൺ — ലക്കം 6





ഈ മഹാ പ്രപഞ്ചത്തിൽ നമ്മുടെ ജന്മഗേഹമായ ഭൂമിക്കു ഒരു സ്ഥാനവുമില്ല !! ഭൂമിശാസ്ത്രജ്ഞന്മാരുടെ പ്രപഞ്ചനിർവ്വചനത്തിൽ ‘‘നക്ഷത്രങ്ങളും നക്ഷത്രാന്തരാളങ്ങളുമുൾപ്പെട്ടതാണ് പ്രപഞ്ചം.’’ സ്വയം പ്രകാശമില്ലാത്ത ഈ ഭൂമി ശാസ്ത്രജ്ഞ ദൃഷ്ടിയിൽ വെറും നിസ്സാരമാണ്. നമ്മുടെ പ്രകാശദാതാവായ സൂര്യൻതന്നെ ഒരു ഇടത്തരം നക്ഷത്രമാണ്; ‘ആകാശഗംഗ’യിലെ ഒരംഗം, ഭൂമി ഉണ്ടായ കാലം മുതൽ

## അന്ധകാരഗോളത്തിന്റെ ആരാധന!

അതു സൂര്യനെ വലംവയ്ക്കുകയാണ്; ഇന്നോളം പ്രദക്ഷിണം നിർത്തിയിട്ടുമില്ല; ഇത്തിരി പ്രകാശത്തിനുവേണ്ടിയാണ് ഭൂമിയുടെ ഈ സൂര്യാരാധന. ഭൂമി മാത്രമല്ല; ഭൂമിയുടെ മക്കളും ഈ ആരാധന നടത്തുന്നു. സൂര്യാഗമമറിഞ്ഞു് സസ്യാദികൾ നവോന്മേഷംകൊള്ളുകയും പൂമൊട്ടുകൾ വിരിയിക്കുകയും സുഗന്ധം വീശുകയും ചെയ്യുന്നു. പക്ഷിജാലങ്ങൾ കളകളാരവം മുഴക്കി സ്തുതിഗീതികൾ പാടുന്നു. അവയ്ക്കും പ്രകാ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA

ശം വേണം. മണ്ണിൻെറ മകനായ മനുഷ്യനോ? മനുഷ്യനുവേണം പ്രകാശം. ഭൂമിയിലെ ഇതര ജീവജാലങ്ങളെ അപേക്ഷിച്ച് മനുഷ്യൻ ബുദ്ധിയും ബോധവുമുള്ളവനാകയാൽ അവൻ കേവലം പ്രകാശഗോളത്തെയല്ല; പ്രകാശത്തിൻെറയും പ്രകാശമായ ഈശ്വരനെ തേടുന്നു, ആരാധിക്കുന്നു, മനുഷ്യർ ഒരു ആരാധനാസമൂഹമാണ്, ദൈവം ആരാധനാ കേന്ദ്രവും. ദൈവാരാധന, അന്ധൻെറ പ്രലോഭനമല്ല, ബധിരൻെറ അപശബ്ദമല്ല.

## ആരാധകരേ, ഉണരൂ! ചിന്തിക്കൂ!

ദൈവമഹത്ത്വത്തെ പ്രകീർത്തിക്കാനാണ് നാം ആരാധിക്കുന്നതെങ്കിലും ആരാധനക്രമത്തിൽ ദൈവം നമ്മോടു സംസാരിക്കുന്നുണ്ട്. പ്രാർത്ഥനകളും ഗാനങ്ങളും വഴി ദൈവത്തോടു നമ്മൾ പ്രത്യുത്തരം പറയുകയും ചെയ്യുന്നു. പക്ഷേ ദൈവത്തോടു പ്രത്യുത്തരിക്കുന്ന നമ്മുടെ ആരാധനരീതി ഇന്നു തീരെ അപഹാസ്യവും തികച്ചും അപലപനീയവുമാണ്. ദൈവാരാധനയുടെ സിരാകേന്ദ്രമായ പരിശുദ്ധ കുർബാനയിൽ ചിലർ പങ്കെടുക്കുന്ന രീതി കണ്ടാൽ അതു വ്യക്തമാകും. അഭ്യസ്തവിദ്യർ നിഷ്പക്ഷത പാലിക്കുന്നു! തലമുതിർന്നവർ നിശബ്ദത ഭഞ്ജിക്കുന്നു!! വൃദ്ധജനങ്ങൾ അർത്ഥമറിയാതെ അതുമിതും പുലമ്പുന്നു. ബാലികാബാലന്മാർ ഗാനമേള നടത്തുന്നു!! പരമപിതാവായ ദൈവത്തിനു അവിടുത്തെ തിരുക്കുമാരനെ ബലിയർപ്പിച്ചുകൊണ്ടു നാം ആരാധന നടത്തുന്ന സമ്പ്രദായമാണിതെല്ലാം!! ആരാധനക്രമത്തിൻെറ ഗൗരവത്തെക്കുറിച്ചു നമുക്കു തരിമ്പും കൂസലില്ല എന്നുള്ളതാണ് നേര്.

ആരാധനാകർമ്മങ്ങൾ രഹസ്യമായ ആചാരാനുഷ്ഠാനങ്ങളല്ല; പ്രത്യുത സഭയുടെ ആഘോഷപൂർവ്വകമായ ചടങ്ങുകളാണ് ആരാധനാകർമ്മങ്ങൾ സഭാശരീരത്തെ വെളിപ്പെടുത്തുകയും അതിൽ പ്രതികരണങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. തന്മൂലം ആരാധനയിൽ പങ്കെടുക്കുന്ന ഓരോരുത്തനും—വൈദികനോ അല്മായരോ ആരുമായിക്കൊള്ളട്ടെ—ആരാധനക്രമത്തിൻെറ നിബന്ധനകൾക്കും തിരുക്കർമ്മത്തിൻെറ സ്വഭാവത്തിനും അനുയോജ്യമായ വിധത്തിൽ ഓരോരുത്തരും താന്താങ്ങളുടെ ഭാഗം പൂർണ്ണമായി നിർവഹിക്കണം. തിരുക്കർമ്മചൈതന്യത്താൽ ഓരോരുത്തരും നിറയണം. അന്യൂനമായും അതിഭംഗിയായും തങ്ങളുടെ കടമനിർവഹിക്കാൻ എല്ലാവരും പരിശീലനം നേടുകയും വേണം. ''കൂട്ടത്തിൽ പാട്ടും, കണ്ടത്തിൽ പൂട്ടും ആർക്കുമാകാം'' എന്ന വിധത്തിൽ പരിശുദ്ധ കുർബാനയെന്ന ദൈവാരാധനയിൽ പങ്കെടുക്കുന്ന രീതി ഒട്ടും ആശാസ്യമല്ല.

കത്തോലിക്കാസഭ ആരാധനക്രമത്തിലൂടെ ഒരു പ്രത്യേക ചൈതന്യം തൻെറ സന്താനങ്ങളിൽ ഉൽഭൂതമാകണമെന്നു ആഗ്രഹിക്കുന്നുണ്ട്.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA





അന്ധകാര ഗോളത്തിന്റെ ആരാധന!

സീറോ–മലബാർ സഭയുടെ കുർബാന ചരിത്രപശ്ചാത്തലം 4

ഡോ. ജേക്കബ്ബ് വെള്ളിയാൻ

ജൂബിലിഗാനം - 11

സീറോ–മലബാർ കുർബാനയുടെ പുനരുദ്ധാരണം

പുനരുദ്ധാരണ നീക്കത്തിലെ ചില പാളിച്ചകൾ 12

ഡോ. തോമസ് മണ്ണൂരാംപറമ്പിൽ

മാറിവരുന്ന പ്രാർത്ഥനകൾ-ശ്ലീഹാക്കാലം 34

വാർത്താലോകം 38


---

ക്രിസ്തുവിന്റെ ചൈതന്യവും അരൂപിയുംതന്നെയാണ് ലിററർജിക്കുള്ളത്. സഭയുടെ ശക്തിമുഴുവൻ നിർഗ്ഗളിക്കുന്നതും ആരാധനക്രമത്തിൽ നിന്നാണ്.

നിർഭാഗ്യമെന്നു പറയട്ടെ, ദൈവരാധനയുടെ ഏക നീരുറവയായ പരിശുദ്ധ കുർബാനയ്ക്കു നിരാക്ഷേപമായ ഒരു ടെക്സ്റ്റു വരെ സീറോ മലബാർ സഭയ്ക്കു ഉണ്ടായിക്കഴിഞ്ഞിട്ടില്ല! സഭാസന്താനങ്ങളുടെ അറിവിനും പരിചിന്തനത്തിനുംവേണ്ടി; 'കുർബാനതക്സയുടെ' ഇതഃപര്യന്തമുള്ള ചരിത്രം ഞങ്ങൾ 'ദുക്റാന'വഴി പ്രകാശനം ചെയ്യുകയാണ്.

സീറോ–മലബാർ ഹയരാക്കി കുർബാനതക്സായുടെ പുനക്രമീകരണത്തിൽ അനുവർത്തിക്കേണ്ട കാര്യങ്ങളെക്കുറിച്ച്, വ്യക്തവും ശക്തവുമായ നിർദ്ദേശങ്ങൾ നൽകി കുർബാനടെക്സ്റ്റിന്റെ രൂപീകരണം സംബന്ധിച്ചുള്ള ചിന്താക്കുഴപ്പം ഒഴിവാക്കിത്തന്നിരിക്കുന്ന പരിശുദ്ധ സിംഹാസനത്തിനു ദുക്റാനയുടെ കൂപ്പുകൈ.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information regarding this text Please contact:

*info@thecmsindia.org*

*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART